# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5314** **15-11-2019 ൽ മറുപടിയ്ക്ക്**

### ഹജ്ജ് കമ്മിറ്റിക്ക് സ്ഥിരം ഗ്രാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ്ജ് | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഹജ്ജ് കമ്മിറ്റിക്ക് സ്ഥിരം ഗ്രാന്റ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സംസ്ഥാന സർക്കാറിൽ നിന്നും എല്ലാ സാമ്പത്തിക വർഷവും ഗ്രാന്റ് ഇൻ എയ്ഡായി ധന സഹായം അനുവദിക്കാറുണ്ട്. |
| (ബി) | വഖഫ് ബോർഡിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സോഷ്യൽ വെൽഫെയർ (കേരള) സ്കീം പ്രകാരം നൽകിവരുന്ന മാരകരോഗ ചികിത്സാ ധനസഹായം, വിവാഹധനസഹായം എന്നീ ഇനങ്ങളിൽ 2014 വർഷം മുതൽ ലഭിച്ച അപേക്ഷകർക്ക് മുടങ്ങിക്കിടക്കുന്ന ധനസഹായം നൽകുന്നതിനും പ്രതിമാസ പെൻഷൻ വിതരണം സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനുമായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 8.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് വിഷയ നിർണ്ണയ സമിതി നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വഖഫ് ബോർഡിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ